# ഇടശ്ശേരിസ്മാരക സമിതി ലക്ഷ്യവും പരിമിതിയും

പി. കൃഷ്ണവാരിയർ

പൊന്നാനി പ്രദേശത്തെ സാംസ്കാരിക പ്രവർത്തനങ്ങളുടെ സ്രോതസ്സായിരുന്നു ഒരുകാലത്ത് കൃഷ്ണപ്പണിക്കർ വായനശാല. വായനശാലാ പ്രവർത്തനങ്ങൾക്കനുബന്ധമായി നാടകാഭിനയം തുടങ്ങിയ കലാപ്രവർത്തനങ്ങൾ വയോജന വിദ്യാഭ്യാസം എന്നിങ്ങനെയുള്ള സാമൂഹിക പ്രവർത്തനങ്ങൾ, സാഹിത്യ സംവാദങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ എന്നിവയെല്ലാം ഊർജസ്വലമായി നടത്തിയിരുന്ന ഒരു കാലഘട്ടം ഈ വായനശാലയുടെ ചരിത്രത്തിലുണ്ട്. ഈ പ്രവർത്തനങ്ങളുടെയെല്ലാം തലപ്പത്ത് ഇടശ്ശേരിയെന്ന മഹാപ്രതിഭയുടെ സാന്നിധ്യം ഉണ്ടായിരുന്നു. അതുകൊണ്ട് അതൊരു ഉന്മേഷത്തിന്റെ ദശയായിരുന്നു. ഈ വായനശാലയ്ക്ക് സ്വന്തമായി ഒരു കെട്ടിടമുണ്ടാകണമെന്നത് ഇടശ്ശേരിയുടെ ജീവിതാഭിലാഷമായിരുന്നു. അതിനുവേണ്ടി വായനശാലാ ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സംഭാവന സ്വീകരിച്ചു എ.വി. ഹൈസ്ക്കൂളിനു മുന്നിൽ മൂന്നു സെന്റ് സ്ഥലം വായനശാലയുടെ പേരിൽ അദ്ദേഹം തന്നെ മുൻകൈയെടുത്ത് വാങ്ങുകയും ചെയ്തു. പക്ഷേ, അവിടെ ഒരു കെട്ടിടം ഉയർന്നു വരുന്നതു കാണാൻ വിധി അദ്ദേഹത്തിനു മുൻപിൽ തടസ്സമായി വന്നു.

ഇടശ്ശേരിയുടെ ആകസ്മിക മരണത്തിനുശേഷം പൊന്നാനിയിൽ ചേർന്ന അനുസ്മരണയോഗത്തിൽ പങ്കെടുത്തവരെയെല്ലാം ഈ മനോവേദന വല്ലാതെ അലട്ടിയിരുന്നു. ഇടശ്ശേരിക്കു പൂർത്തീകരിച്ചു കാണാനാവാത്ത ഈ അഭിലാഷം നിറവേറ്റാനായി ഒരു സമിതി ആ യോഗത്തിൽ രൂപപ്പെട്ടു. മുഖ്യരക്ഷാധികാരിയായി വി.ടി. ഭട്ടതിരിപ്പാടും രക്ഷാധികാരികളായി പി.സി. കുട്ടികൃഷ്ണൻ (ഉറൂബ്), മഹാകവി അക്കിത്തം, കടവനാട് കുട്ടികൃഷ്ണൻ, പ്രൊഫ. എം.ജി.എസ്. നാരായണൻ തുടങ്ങിയവരുമടങ്ങുന്ന ഒരു സമിതിയായിരുന്നു അത്. ജനറൽ കൺവീനറായി ഈ ലേഖകനും തെരഞ്ഞെടുക്കപ്പെട്ടു.

എന്നാൽ, നാലുകൊല്ലത്തെ പ്രവർത്തനം കൊണ്ട് ഈ മൂന്നു സെന്റ് സ്ഥലത്ത് കെട്ടിടത്തിന്നുള്ള തറ നിർമിക്കാൻ മാത്രമേ സമിതിക്കായുള്ളൂ. പ്രവർത്തകർ ആകെ നിരാശയിലായിരുന്നു.

അപ്പോഴാണ്, ആ വർഷം കവിതയ്ക്ക് കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കടവനാട് കുട്ടികൃഷ്ണനെ അനുമോദിക്കാൻ കൃഷ്ണപ്പണിക്കർ വായനശാല പൊന്നാനിയിൽ ഒരു ചടങ്ങ് സംഘടിപ്പിച്ചത്. ആ ചടങ്ങിൽ പങ്കെടുത്തവരൊക്കെ വായനശാലാ കെട്ടിടത്തിനു സംഭവിച്ച ഈ ദുസ്ഥിതിയിൽ ദുഃഖം പ്രകടമാക്കി. കടവനാട് കുട്ടികൃഷ്ണനും മഹാകവി അക്കിത്തവും ഇതിനൊരു പോംവഴി കണ്ടെത്താമെന്നേറ്റു.

തുടർന്ന് കേരള സാഹിത്യ അക്കാദമിയിൽവച്ച് 1978 ഡിസംബർ 24-ന് ഇടശ്ശേരി അനുസ്മരണം നടത്തി. വി.ടി. ഭട്ടതിരിപ്പാട് അധ്യക്ഷനായിരുന്നു. പി.സി. കുട്ടികൃഷ്ണൻ (ഉറൂബ്). കേരളസാഹിത്യ അക്കാദമി സെക്രട്ടറി പവനൻ എന്നിവരൊക്കെ ഇതിൽ സജീവമായി പങ്കെടുത്തു. ഇടശ്ശേരി സ്മാരക സമിതി അവിടെ രൂപംകൊണ്ടു. കൂടുതൽ വിപുലമായ ലക്ഷ്യങ്ങൾ സമിതിക്കുണ്ടായിരിക്കണമെന്നും നിർദേശിക്കപ്പെട്ടു. 1978 ഡിസംബർ 25-ന് സമിതിയുടെ രക്ഷാധികാരി കൂടിയായിരുന്ന മുൻമുഖ്യമന്ത്രി സി. അച്യുതമേനോൻ കൊളാടി ഗോവിന്ദൻകുട്ടിയുടെ കൈയിൽനിന്ന് അഞ്ഞൂറു രൂപ സ്വീകരിച്ചു കൊണ്ട് സമിതിയുടെ ഫണ്ട് ഉദ്ഘാടനം ചെയ്തു. വി.ടി. ഭട്ടതിരിപ്പാട് പ്രസിഡന്റ്, കൊളാടി ഗോവിന്ദൻകുട്ടി വൈസ് പ്രസിഡന്റ്, കടവനാടു കുട്ടികൃഷ്ണൻ സെക്രട്ടറി. അക്കിത്തം ട്രഷറർ, പി. കൃഷ്ണവാരിയർ, ടി.കെ. മുഹമ്മദ് ജോയിന്റ് സെക്രട്ടറിമാർ എന്നിവർ ഭാരവാഹികളായിക്കൊണ്ട് ഇടശ്ശേരി സ്മാരക സമിതി നിലവിൽവന്നു. സമിതി സാഹിത്യ-ശാസ്ത്രീയ-ധർമസ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമപ്രകാരം 1979-ലെ 217-ാം നമ്പർ ആയി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

പൊന്നാനിയിൽ കൃഷ്ണപ്പണിക്കർ വായനശാലയുടെ പേരിൽ വാങ്ങിയ സ്ഥലവും അതിൽ നിർമിച്ച കെട്ടിടത്തറയും ഇടശ്ശേരി സ്മാരക സമിതിക്ക് കൈമാറ്റം ചെയ്തു. അവിടെ എം.വി. ദേവൻ രൂപകല്പന ചെയ്ത ഇടശ്ശേരി സാഹിത്യ മന്ദിരം നിർമിക്കപ്പെട്ടു. 1988-ൽ അന്നത്തെ കേരള ഗവർണർ പി. രാമചന്ദ്രൻ അത് ഉദ്ഘാടനം ചെയ്തു.

വി.ടി. ഭട്ടതിരിപ്പാടിന്റെ നിര്യാണത്തെത്തുടർന്ന് 1982-ൽ മഹാകവി അക്കിത്തം സമിതിയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ഇരുപത്തിരണ്ടു വർഷമായി അദ്ദേഹം ആ സ്ഥാനത്ത് ഇരുന്നുകൊണ്ട് ഞങ്ങളുടെ പ്രവർത്തനങ്ങളെ നയിക്കുന്നു.

കടവനാട് കുട്ടികൃഷ്ണന്റെ ആകസ്മിക നിര്യാണം സമിതിക്കുണ്ടാക്കിയ ആഘാതം നിസ്സാരമല്ല, ആ ഒഴിവിൽ 1992-ൽ ഈ ലേഖകൻ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. ഇപ്പോഴത്തെ പ്രവർത്തക സമിതി ഇരുപത്തിനാല് അംഗങ്ങൾ ഉൾപ്പെടുന്നതാണ്. മഹാകവി അക്കിത്തം - പ്രസിഡന്റും പ്രൊഫ. കെ.പി. ശങ്കരൻ വൈസ് പ്രസിഡന്റും പി. കൃഷ്ണവാരിയർ സെക്രട്ടി, ടി.കെ. മുഹമ്മദ് ട്രഷറർ, ഇ. രാമൻ മാസ്റ്റർ, പി. മാധവൻ ജോ. സെക്രട്ടറിമാർ എന്നിവരാണ് ഔദ്യോഗിക ഭാരവാഹികൾ. എൺപത്തൊൻപത് ആജീവനാന്താംഗങ്ങൾ സമിതിക്കുണ്ട്.

ഇടശ്ശേരി സ്മാരക സമിതി അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളായി നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്:

## ഇടശ്ശേരിസ്മാരക സമിതി ലക്ഷ്യവും പരിമിതിയും

പി. കൃഷ്ണവാരിയർ

2

(എ) ഇടശ്ശേരി ഗോവിന്ദൻ നായരുടെ സ്മരണ നിലനിർത്തുവാനും അദ്ദേഹത്തിന്റെ കൃതികൾ ഉൾപ്പെടെ സാഹിത്യ കൃതികളെപ്പററി പഠിക്കാനും ഉതകുന്ന ഒരു കേന്ദ്രം സ്ഥാപിക്കുക.

(ബി) ഇതിനുവേണ്ടി ഇടശ്ശേരിയുടെ പ്രവർത്തനകേന്ദ്രമായിരുന്ന പൊന്നാനിയിൽ 'ഇടശ്ശേരി സാഹിത്യ മന്ദിരം' എന്ന പേരിൽ ഒരു കെട്ടിടം നിർമിക്കുക. ഈ കെട്ടിടത്തിൽ ഇടശ്ശേരി സ്ഥാപിച്ചു വളർത്തി വന്ന കൃഷ്ണപ്പണിക്കർ വായനശാലയ്ക്കുകൂടി പ്രവർത്തിക്കാൻ സ്ഥലം അനുവദിക്കുക.

(സി) മലയാള ഭാഷയിൽ ഉണ്ടാവുന്ന ഒരു മൗലിക കൃതിക്ക് ഓരോ വർഷവും 'ഇടശ്ശേരി അവാർഡ്' എന്ന പേരിൽ ഒരു അവാർഡു നൽകുക.

(ഡി) ഇടശ്ശേരി സ്മാരക പ്രഭാഷണങ്ങൾ ഏർപ്പെടുത്തുക.

(ഇ) പ്രസിദ്ധീകരണങ്ങൾ ഇറക്കുക.

ഇവയിൽ ഇടശ്ശേരി സാഹിത്യ മന്ദിരം നിർമിക്കപ്പെട്ടു കഴിഞ്ഞു. കൃഷ്ണപ്പണിക്കർ വായനശാല ഈ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഇടശ്ശേരി അവാർഡ് 1982 മുതൽ എല്ലാ വർഷവും നൽകിവരുന്നുണ്ട്. ആദ്യത്തെ ഇടശ്ശേരി അവാർഡിന് അർഹമായത് എൻ.കെ. ദേശത്തിന്റെ 'ഉല്ലേഖം' എന്ന കവിതാസമാഹാരമാണ്. പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ലാത്ത കൃതികൾ ക്ഷണിച്ചുവരുത്തി അവയിൽനിന്ന് ഏററവും ഉത്തമമായ കൃതി തെരഞ്ഞെടുത്താണ് അവാർഡ് നൽകുന്നത്.

പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ലാത്ത ലക്ഷ്യങ്ങൾ നടപ്പിൽ വരുത്താനുള്ള ശ്രമത്തിലേർപ്പെട്ടിരിക്കുകയാണ് ഇപ്പോൾ ഇടശ്ശേരി സ്മാരകസമിതി. രണ്ടായിരത്തി ആറിൽ ഇടശ്ശേരിയുടെ ജന്മശതാബ്ദിയാണ്. രണ്ടായിരത്തി അഞ്ചിൽ ഇടശ്ശേരിയുടെ ജന്മദിനമായ ഡിസംബർ 25 മുതൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികൾ സമിതി സജ്ജമാക്കുന്നുണ്ട്. അതിനു മുന്നോടിയായി ഈ വർഷം ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നുണ്ട്. സ്മരണികാക്കമ്മിറ്റിയുടെ ചെയർമാൻ എം.ടി. വാസുദേവൻ നായരാണ്. മഹാകവി അക്കിത്തമാണ് എഡിറ്റർ. വെറുമൊരു ഉപചാരത്തിനുള്ളതായാൽ പോരാ ഈ സ്മരണിക എന്നു ഞങ്ങൾക്കുണ്ട്. ഇടശ്ശേരി എന്ന മനുഷ്യനെയും സാഹിത്യകാരനെയും അടുത്തറിയാനുള്ള ഒരു പ്രമാണമാകണം ഈ ഗ്രന്ഥം എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ഇതോടൊപ്പം ഇടശ്ശേരിയെപ്പററി മറ്റു കവികൾ എഴുതിയ കവിതകൾ സമാഹരിച്ച് 'ഇടശ്ശേരി-കവികളുടെ കവി' എന്ന ഒരു ഗ്രന്ഥവും പുറത്തിറക്കുന്നുണ്ട്. (*ഈ കൃതി ഇറക്കാൻ സാധിച്ചിട്ടില്ല.*)

ഇടശ്ശേരിയുടെ പേരിൽ തൃശ്ശൂരിൽ ഒരു പഠനകേന്ദ്രം സ്ഥാപിക്കാനുള്ള ആശയവും രൂപംകൊണ്ടിട്ടുണ്ട്. ഇടശ്ശേരി മ്യൂസിയം ഉണ്ടാക്കുക; കവിത, ചെറുകഥ, നോവൽ, ലേഖനങ്ങൾ, സിനിമ-ടെലി സീരിയൽ എന്നീ ശാഖകളിൽ സർഗാത്മകത, രചനാതന്ത്രം എന്നിവയ്ക്കായി ക്ലാസുകൾ ഏർപ്പെടുത്തുക; മലയാളത്തനിമ നഷ്ടപ്പെടാതെ നിലനിർത്താൻ വേണ്ട പ്രായോഗികമാർഗങ്ങൾ നടപ്പിൽ വരുത്തുക; കംപ്യൂട്ടർവൽകൃത ഗവേഷണകേന്ദ്രം സ്ഥാപിക്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് ഈ പഠനകേന്ദ്രത്തിൽ ഉദ്ദേശിക്കുന്നത്.

സമിതിയുടെ ലക്ഷ്യങ്ങൾ വലുതാണെങ്കിലും ഇതുവരെയുള്ള നേട്ടങ്ങൾ പരിമിതമാണ്. പൊന്നാനിയിലുള്ള ഇടശ്ശേരി സാഹിത്യ മന്ദിരം മൂന്നു നിലക്കെട്ടിടമായി പണിയണമെന്നായിരുന്നു ഉദ്ദേശ്യമെങ്കിലും അതിന്റെ ഒരു നിലമാത്രമേ പണിയാൻ കഴിഞ്ഞുള്ളൂ. ഇടശ്ശേരി അവാർഡായി നൽകുന്ന തുക പതിനായിരം രൂപയെങ്കിലുമാക്കണമെന്ന നീണ്ടകാലത്തെ ആഗ്രഹം ഇനിയും നടപ്പിലായിട്ടില്ല. അത് അയ്യായിരം രൂപയും ഒരു പ്രശസ്തിഫലകവും എന്ന നിലയിൽ ഒതുങ്ങിനിൽക്കുകയാണ്. എങ്കിലും കഴിഞ്ഞ ഇരുപത്തിരണ്ടുകൊല്ലമായി അവാർഡുദാനവും ഇടശ്ശേരി സ്മാരക പ്രഭാഷണവും മുടങ്ങാതെ നടന്നിട്ടുണ്ട് എന്നത് ചാരിതാർഥ്യം നൽകുന്നു. മാത്രമല്ല, മലയാളത്തിലെ എഴുത്തുകാർ ഈ അവാർഡ് കാര്യമായി കാണക്കാക്കുന്നുണ്ട് എന്നത് അവരുടെ പ്രതികരണം കൊണ്ട് ഞങ്ങൾ മനസ്സിലാക്കുന്നു. നൂററമ്പതിൽപരം കൃതികളാണ് അവാർഡു പരിഗണനയ്ക്കായി അയച്ചു കിട്ടാറുള്ളത്. ഇത് ഞങ്ങളുടെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു. (*ഇടശ്ശേരി പുരസ്കാര സംഖ്യ 2013 മുതൽ 25,000 രൂപയാക്കിയിരിക്കുന്നു*).

ലക്ഷ്യങ്ങൾക്കനുസരിച്ചു കാര്യങ്ങൾ നടത്തുന്നതിന് വിഘാതം സൃഷ്ടിക്കുന്നത് പ്രധാനമായും പണത്തിന്റെ പരിമിതി തന്നെ. അതുകൂടാതെ, സാമൂഹിക-സാംസ്കാരിക രംഗത്തു വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും ഒരു പ്രധാന ഘടകമാണ്. അൻപതുകൊല്ലം മുൻപ് വിദ്യാർഥികളിലും യുവജനങ്ങളിലും ഇത്തരം പ്രവർത്തനങ്ങളോടുണ്ടായിരുന്ന ആഭിമുഖ്യവും ആവേശവും ഇന്നത്തെ തലമുറയ്ക്കന്യമാണ്. പൊന്നാനിയിൽ ഇടക്കാലത്ത് സമിതിയുടെ നേതൃത്വത്തിൽ ആരംഭിച്ച യുവസാഹിത്യവേദി നിന്നുപോയത് ഇതിന്നുദാഹരണമാണ്.

എങ്കിലും ഞങ്ങൾ നിരാശരല്ല. ഞങ്ങളുടെ സ്വപ്നങ്ങൾ സാവധാനത്തിൽ സഫലീകൃതമാകുമെന്നും പുതിയ സ്വപ്നങ്ങൾ വിരിഞ്ഞു വരുമെന്നും ഞങ്ങൾ ആശിക്കുന്നു. അതു ഞങ്ങളെ മുന്നോട്ടു നയിക്കുന്നു.

ഗ്രന്ഥാലോകം - ജൂലായ് 2004